# Weekly Devotion - December 2018
# How to procure vision from God
## ദിവ്യ ദർശനം പ്രാപിക്കുക




വെയിത്സിലെ ദരിദ്രനായ ഒരു നെയ്ത്തുകാരന്റെ മകളായിരുന്നു മേരി ജോൺസ്. എട്ടാമത്തെ വയസ്സിൽ രക്ഷിക്കപ്പെട്ട മേരിയ്ക്ക് ബൈബിൾ വേണമെന്ന് അടങ്ങാത്ത മോഹമുണ്ടായിരുന്നു. പല ഭവനങ്ങളിൽ കൂലി വേല ചെയ്തുണ്ടാക്കിയ പണം പിതാവിന്റെ ചികിത്സയ്ക്ക് ഉപയോഗിക്കേണ്ടതായി വന്നു. വീണ്ടും അധ്വാനിച്ച് അവൾ പണമുണ്ടാക്കി. അപ്പോഴാണ് വെൽഷ് ഭാഷയിലുള്ള ഒരു ബൈബിൾ വളരെ ദൂരെയുള്ള ഒരു ഭവനത്തിലുണ്ടെന്ന് അറിയുവാനിടയായത്. തന്റെ കൈകളിലെത്തുന്ന ബൈബിളിന്റെ ദർശനം , ദൂരം പിന്നിടുവാനുള്ള ശക്തി അവൾക്ക് നൽകി. തന്റെ സമ്പാദ്യം മുഴുവൻ  വീട്ടുടയവന്റെ പാദത്തിൽ വച്ച് വെൽഷ് ബൈബിളിനായി അവൾ കരഞ്ഞ് യാചിച്ചു.മനസ്സലിഞ്ഞ ഉടമ ആ ബൈബിൾ അവൾക്ക് നൽകി. അങ്ങനെ ബൈബിൾ ആഗ്രഹിച്ച അനേകർക്കായി ആരംഭിച്ച പ്രസ്ഥാനമാണ് ബ്രിട്ടീഷ് ആന്റ് ഫോറിൻ ബൈബിൾ സൊസൈറ്റിയായി മാറിയത്.

ദൈവം ഒരാളെ ഒരു കാഴ്ച കാണിച്ചാൽ അവൻ എത്തേണ്ടിടത്ത് നിശ്ചയമായും അവനെ എത്തിച്ചിരിക്കും. പഴയ നിയമത്തിൽ പുരോഹിതൻമാർക്കും , പ്രവാചകൻമാർക്കും, രാജാക്കൻമാർക്കുമായിരുന്നു ദൈവം തന്റെ ശുശ്രൂഷകൾ നൽകിയിരുന്നത്. എന്നാൽ പുതിയ നിയമ സഭയിൽ എല്ലാ ശുശ്രൂഷയും എല്ലാവർക്കുമായി ദൈവം നൽകിയിരിക്കുന്നു. കാരണം നാം എല്ലാവരും രാജകീയ പുരോഹിത വർഗ്ഗമാണ് . അതു

പോലെ തന്നെ നാം ദൈവത്തെ പ്രതിനിധീകരിക്കുന്ന അവന്റെ സ്ഥാനാപതികളായ പ്രവാചകൻമാരുമത്രെ.

കെബാർ നദീതീരത്ത് പ്രവാസിയായി കഴിഞ്ഞിട്ടും തന്റെ മകനു വേണ്ടി ദൈവം സ്വർഗ്ഗം തുറന്നു. (യെഹ1:1) ഉയരത്തിലേക്ക് നോക്കുന്നവനു മാത്രമേ ആ കാഴ്ച കാണുവാൻ കഴിയുകയുള്ളൂ. അവനുവേണ്ടിയാണ് സ്വർഗ്ഗം തുറക്കുന്നതും ദിവ്യദർശനങ്ങൾ പ്രത്യക്ഷമാകുന്നതും ദിവ്യദർശനങ്ങൾ എന്നാൽ ദൈവത്തിന്റെ ദർശനമെന്നാണ് അർത്ഥം.

ദൈവത്തെ കാണാത്തവന് അന്നും ഇന്നും എന്നും ദൈവീകമായി ജീവിക്കുവാൻ കഴിയുകയില്ല, ഒരു ലൗകീകൻ ദൈവത്തെ കാണുവാനാഗ്രഹിക്കാതെ ലോകത്തെ കാണുവാനാഗ്രഹിക്കുന്നു. വിളിയും നിർദ്ദേശവും ലഭിച്ച അബ്രഹാം കനാൻ യാത്രയ്ക്ക് മുമ്പ് തന്നെ ദൈവത്തെ കണ്ടു. (ഉല്പ:12:1-3) മോശ ദൈവത്തെ കണ്ടത് ശുശ്രൂഷയ്ക്കായി മിസ്രേമിലേക്ക് പോകും മുൻപുതന്നെ ആയിരുന്നു. (പുറ:3:4-6). യോഹന്നാൽ ആത്മവിവശതയിൽ ദൈവത്തെ കണ്ടു എന്ന് വെളി:(4:2) ൽ രേഖപ്പെടുത്തിയിരിക്കുന്നു.

പരസ്യമായി ഒരു ജോലിയ്ക്ക് പുറപ്പെടും മുൻപ് രഹസ്യമായി ക്രിസ്തുവിന്റെ മുൻപിൽ മുട്ട് മടക്കണം. വിളിയും തിരഞ്ഞെടുപ്പും നൽകിയവനെ ദർശനങ്ങൾ നൽകി ഒരുക്കി എടുത്തിട്ടേ ഓരോ ജോലിയും ഏല്പിക്കുകയുള്ളൂ, ഒരു പ്രവർത്തിയ്ക്ക് വേഗത്തിൽ ഇറങ്ങിത്തിരിച്ചാൽ പരാജയമായിപ്പോകും. അതിനാൽ പ്രവർത്തി ചെയ്യുവാൻ പുറപ്പെടും മുൻപ് ദൈവത്തോടുള്ള ബന്ധത്തിലായി സ്വർഗ്ഗീയ ദർശനം സാദ്ധ്യമാക്കുക.

അനേക സംസ്ഥാനങ്ങൾ വെട്ടിപ്പിടിച്ച അഹശ്വരേശിന്റെ സിംഹാസനത്തിന് മുകളിലെത്തുവാൻ ആഗ്രഹിക്കുന്ന ഹാമാനെ ഭയമില്ലാതെ പ്രാർത്ഥനയിൽ നേരിടുന്ന മോർദ്ദേഖായിക്കും, രാജ്ഞി സ്ഥാനത്തുനിന്ന് നീക്കിയ വസ്ഥിക്കു പകരം ശുദ്ധീകരണത്തോടും ദർശനത്തോടും വന്ന എസ്ഥേറിനും കൂട്ടർക്കും ദൈവം പുതുവഴി തുറന്നു നൽകി. കാരണം ദർശനമുള്ളവൾ പ്രശ്നം കേട്ടപാടെ പരിഹാരത്തിന് ഇറങ്ങാതെ ഉപവസിച്ച്, പ്രാർത്ഥിച്ച് പുറപ്പെടുകയായിരുന്നു. നിങ്ങളുടെ പലവിധ പ്രശ്നങ്ങൾ കഠിനമെന്ന് പറഞ്ഞ് ഭാരപ്പെട്ടിരിക്കാതെ എസ്ഥേറിനെപ്പോലെ ഉപവസിച്ച് പ്രാർത്ഥിച്ച് പുറപ്പെടുവാൻ തയാറാണോ?എങ്കിൽ ദൈവ അത്ഭുതകരം നിങ്ങൾക്ക് കാണാം.

ദർശനം ലഭിക്കേണ്ട സ്ഥലത്തെക്കുറിച്ച് ഭാരപ്പെടേണ്ട കാര്യമില്ല. പ്രവാസിയായി കഴിയുമ്പോഴാണ് കെബാർ നദീതീരത്തു വച്ച് ദിവ്യദർശനം കണ്ടത്. ദിവ്യദർശനം ഒരു പ്രത്യേക ശക്തി നമ്മിലേക്ക് പകരുന്നു. യെശയ്യാ പ്രവാചകൻ സ്വർഗ്ഗം തുറന്നതും സിംഹാസനസ്ഥനുമായ കർത്താവിനെ കണ്ടപ്പോഴാണ് തന്റെ ശുദ്ധിയില്ലാത്ത അവസ്ഥയെ മനസ്സിലാക്കിയത്.

സാറാഫുകളിൽ ഒരു വൻ അധരങ്ങളെ കൊടിലുകൊണ്ട് എടുത്ത അഗ്നി യാൽ തൊട്ടപ്പോൾ പാപപരിഹാരമായി (യെശാ: 6:1-8) അപ്പോഴാണ് ആരെ അയക്കേണ്ടു എന്ന ചോദ്യത്തിന് "അടിയൻ ഇതാ അടിയനെ അയ്ക്കേണമേ" എന്ന മറുപടി വന്നത് . യെഹസ്ക്കേൽ പ്രവാചകനും ദിവ്യദർശനം കണ്ട ശേഷം ശക്തിയേറിയ ദൈവത്തിന്റെ നിർദ്ദേശത്തിനു വേണ്ടി പുറപ്പെട്ടു. നമുക്കും പ്രാർത്ഥിയ്ക്കാം 'അടിയങ്ങളെ അങ്ങയുടെ നാമമഹത്വനായി അയയ്ക്കേണമേ' എന്ന് , ജീവിക്കുന്നവർക്കു വേണ്ടിയു ള്ളതാണ് ദർശനം, അത് തകർത്തുകളയുവാൻ വരുന്ന സാത്താനെ ആട്ടി ഷായിക്കുക. ഭയം ഉള്ളിൽ തന്ന് ദർശനത്തെ സാത്താൻ തകർക്കും അതു കൊണ്ട് ഭയപ്പെടരുത്.

പ്രീയ സഹോദരങ്ങളെ ! ദർശനമുള്ളവരായി പുതുവർഷത്തിലേക്ക് പ്രവേശിക്കും എന്ന് തീരുമാനിക്കുക. ആത്മീയ മണ്ഡലം ദർശനമുള്ളവ രുടെ അഭാവം മൂലം നശിച്ചുപോകാതിരിപ്പാൻ പ്രാർത്ഥിക്കുക. ദിവ്യദർശന ത്തിന്റെ കാഴ്ചപ്പാട് ചുറ്റുമുള്ളവരിലേക്കും പകരുവാൻ ദൈവം കൃപ ചെയ്യട്ടെ.ക്രിസ്തുവിനോടു ചേർന്നുള്ള ഒരു പുതുവർഷത്തിനായി ഒരു ങ്ങുക

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ

Santhamma Varghese
*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind